മറുനാടൻ കൃഷി

ഡോ. ഷിനോജ് സുബ്രഹ്മണ്യൻ
ഷോജി ജോയ് എഡിസൺ
എഫ്. പുഷ്പരാജ് ആഞ്ചലോ



കറിവേപ്പില കൃഷിയ്ക്ക് മുന്നൊരുക്കം: കെ.വി.കെ സംഘം ആന്ധ്രയിലെ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമൊപ്പം.

# പെദ്‌വട്‌ലപുഡിയിലെ കറിവേപ്പ് തോട്ടങ്ങൾ

ചെന്നൈ - ഹൗറ ദേശീയ പാതയ്ക്കരുകിൽ വിജയവാഡയ്ക്കടുത്ത് സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് പെദ്‌വട്‌ലപുഡി. കൃഷ്ണാ നദിയുടെ കനാലുകളാൽ സമ്പൽസമൃദ്ധമായ കാർഷിക ഗ്രാമം. ഇന്ന് പെദ്‌വട്‌ലപുഡി എന്ന ഈ കൊച്ചുഗ്രാമത്തിന് ഭാരതത്തിന്റെ കാർഷിക ഭൂപടത്തിൽ ഒരു പ്രധാന സ്ഥാനമുണ്ട്. മറ്റൊന്നും കൊണ്ടല്ല, ബോംബെ, ചെന്നൈ, വിശാഖപട്ടണം, ഹൈദരാബാദ് മാർക്കറ്റുകളിലേയ്ക്കാവശ്യമായ ലോഡ് കണക്കിന് കറിവേപ്പില ഇവിടെ നിന്നാണ് കയറ്റി അയയ്ക്കുന്നത്. തലമുറകളായി കറിവേപ്പില കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളേയും കറിവേപ്പില കൃഷി കൊണ്ടു മാത്രം ലക്ഷാധിപതികളായവരേയും ഇവിടെ കാണാം. പരിചയ സമ്പത്തുകൊണ്ട് തനതായ ഒരു കറിവേപ്പില കൃഷി രീതി തന്നെ ഇവർ ഉണ്ടാക്കിയിരിക്കുന്നു.

അതിസാന്ദ്രതാ രീതിയാണ് കറിവേപ്പ് കൃഷിയിൽ ഇവർ അനുവർത്തിക്കുന്നത്. വിത്ത് കൃഷിയിടത്തിൽ നേരിട്ട് പാകി മുളപ്പിക്കുന്നു. കറിവേപ്പില മരങ്ങളിൽ നിന്നു ശേഖരിക്കുന്ന കായകൾ കോൺക്രീറ്റ് പ്രതലത്തിൽവച്ച് കരിങ്കല്ലുകൊണ്ടുരച്ച് പുറം തൊലി കളയുകയാണ് ആദ്യപടി. ഓരോ കായയ്ക്കുള്ളിലും രണ്ട് വിത്തുണ്ട്.വിത്തുകൾ പച്ചയ്ക്കുതന്നെ പാകുകയാണ് വേണ്ടത്. വിത്തുകൾ പറിച്ചയുടൻ നടണം. ഒരാഴ്ചവരെയേ വിത്തുകൾ സംഭരിക്കാൻ കഴിയൂ. അതും തണലത്ത് നിരത്തിയിട്ട്. ഒരാഴ്ചയ്ക്ക് മുകളിൽ സൂക്ഷിക്കുന്ന വിത്തുകൾ മുളയ്ക്കുകയില്ലത്രേ. കറിവേപ്പ് വിത്തിന് 30 - 50% മാത്രമേ അങ്കുരണ ശേഷിയുള്ളൂ. അതുകൊണ്ടു തന്നെ ഒരു കുഴിയിൽ 4-5 വിത്തുകൾ പാകാറുണ്ട്. നന്നായി വളരുന്നവ മാത്രം നിർത്തി മറ്റുള്ളവ നശിപ്പിക്കും.

ഉഴുതൊരുക്കിയ കൃഷി ഭൂമിയിൽ ഏക്കറിന് 20 ടൺ ചാണകപ്പൊടി (ക്ഷാരാംശമുള്ള (പി.എച്ച്. 75) മണ്ണായതിനാൽ കുമ്മായം വേണ്ട) ചാണകപ്പൊടി ചേർത്ത് മണ്ണിൽ നെടു നീളത്തിൽ വരമ്പുകൾ ഉണ്ടാക്കി അതിന്മേൽ വിത്തു

കൾ പാകുന്നു. തുള്ളി നന സമ്പ്രദായം ഉപയോഗിക്കുന്നുണ്ടെങ്കിൽ വരമ്പുകൾ തമ്മിൽ 70 സെ.മീ. അകലവും ഇല്ലെങ്കിൽ വരമ്പുകൾ തമ്മിൽ 50 സെ. മീ. അകലവുമാണ് ഇടുന്നത്. രണ്ട് ചെടികൾ തമ്മിലുള്ള അകലം 15 സെ.മീ. ആണ്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിൽ ചെയ്യുന്നതുപോലെ കറിവേപ്പ് മരമായി വളരാൻ ഇവർ അനുവദിക്കുകയില്ല. വിത്തിനുള്ള ചെടികൾ മാത്രമേ മരമായി വളരാൻ അനുവദിക്കൂ. ഇവ വളരെ അകറ്റി നടും.

വളരെ കുറച്ച് ജലം മാത്രം ആവശ്യമുള്ള കറിവേപ്പ് 15 മുതൽ 20 വരെ ദിവസത്തെ ഇടവേളകളിൽ നനച്ചുകൊടുത്താൽ മതി. വിത്ത് മുളച്ച് ഒരു മാസത്തിനുള്ളിൽ ഏക്കറിന് 60 കി.ഗ്രാം എന്ന തോതിൽ യൂറിയ ചേർക്കും. ഒന്നര മാസത്തിന് ശേഷം 60 കി.ഗ്രാം യൂറിയയും 60 കി.ഗ്രാം 20:20 കോംപ്ലക്സ് വളവും ചേർക്കുന്നു. തുടർന്നുള്ള ഓരോ വിളവെടുപ്പിന് ശേഷവും മേൽപ്പറഞ്ഞ വളപ്രയോഗം നടത്തുന്നു. കറിവേപ്പിലയെ ബാധിക്കുന്ന പ്രധാന കീടങ്ങൾ ഇലചുരുട്ടിപ്പുഴു, ഇലപേൻ എന്നിവയാണ്. ഇമിഡാക്ലോപ്രിഡ് എന്ന കീടനാശിനി 0.3% വീര്യമുള്ളത് മാസത്തിലൊരിക്കൽ പ്രയോഗിക്കുന്നുണ്ട് എന്ന് കർഷകരിൽ നിന്ന് അറിയാൻ കഴിഞ്ഞു.

കിലോഗ്രാമിന് 4 രൂപയാണ് കറിവേപ്പിലയുടെ സാധാരണവില. എന്നാൽ നവംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ കിലോയ്ക്ക് 10 രൂപയ്ക്കു മുകളിൽ വരെ വില വരാറുണ്ട്. ഓരോ മൂന്ന് മാസം കൂടുമ്പോഴും 5 ടൺ വിളവ് വച്ച് ഏക്കറിന് 20,000 രൂപ മുതൽ 50,000 രൂപ വരെയും വർഷത്തിൽ 80,000 മുതൽ 2,00,000 രൂപയും ലഭിക്കുമത്രെ. എല്ലാചിലവും കഴിഞ്ഞ് ഏക്കറിൽ നിന്ന് വർഷത്തിൽ 50,000 രൂപ മുതൽ 1,50,000 രൂപ വരെ ലഭിക്കുമെന്ന് കർഷകർ സാക്ഷ്യപ്പെടുത്തുന്നു.



വിളവെടുക്കാറായ കറിവേപ്പിലപ്പാടം

## കറിവേപ്പ് - അതിസാന്ദ്രതാ കൃഷി

ഒരേക്കർ അതി സാന്ദ്രതാ കൃഷിയിൽ 250 മുതൽ 300 കി.ഗ്രാം വരെ വിത്ത് ആവശ്യമാണ്. ഇവിടെ കറിവേപ്പ് നാല് മാസത്തിനുള്ളിൽ ആദ്യ വിളവെടുപ്പിന് തയ്യാർ. ചെടിയുടെ ചുവട്ടിൽ നിന്ന് 10 സെ.മീ. മുകളിൽവച്ച് അരിവാളുപയോഗിച്ച് മുറിച്ചെടുക്കും. അതുകൊണ്ട് തന്നെ ചെടിയുടെ ശിഖരങ്ങളല്ല ചെടി മൊത്തമായിട്ടാണ് നമുക്ക് മാർക്കറ്റിൽ കിട്ടുന്നത്. ഇത്തരത്തിൽ ഒരേക്കറിൽ നിന്ന് 4.5 മുതൽ 6.0 വരെ മെട്രിക് ടൺ വിളവ് ലഭിക്കും. ഒരിക്കൽ വിളവെടുത്ത തോട്ടങ്ങൾ മൂന്ന് മാസത്തെ ഇടവേളയിൽ വീണ്ടും വിളവെടുപ്പിന് തയ്യാറാകും. ഇത്തരത്തിൽ ഒരിക്കൽ നട്ട കറിവേപ്പില തൈകൾ വർഷങ്ങളോളം വിളവ് തന്നു കൊണ്ടേയിരിക്കും. എന്നാൽ ഓരോ നാല് വർഷം കൂടുന്തോറും പ്രധാന തടി മണ്ണിനടിയിൽ വച്ച് കോടാലി കൊണ്ട് മുറിച്ചുമാറ്റുന്നു. തുടർന്ന് വേരുകളിൽ നിന്നും ചിനപൊട്ടി വീണ്ടും തൈകൾ വളർന്നു കൊള്ളും. വലിച്ചെടുക്കുന്ന വളം, തണ്ടിന്റെ വളർച്ചയ്ക്കുപയോഗിക്കാതെ ഇലകളുടെ വളർച്ചയ്ക്കുമാത്രം വേണ്ടി ഉപയോഗിക്കാനാണത്രെ ഇത്.



[illegible]

പെദ്വട്ലപുഡിയിലെ കറിവേപ്പ് തോട്ടങ്ങളിലൂടെ അവിടുത്തെ കർഷകരുടെയും കൃഷി ഉദ്യോഗസ്ഥരുടെയും കൂടെ നടത്തിയ രണ്ടു ദിവസം നീണ്ടു നിന്ന യാത്രയ്ക്കൊടുവിൽ കറിവേപ്പിന്റെ പ്രാധാന്യം മനസ്സിലാക്കിയ ഞങ്ങൾ പത്ത് കിലോ വിത്തുമായാണ് തിരിച്ചെത്തിയത്. ആന്ധ്രാമോഡൽ അതിസാന്ദ്രതാ കൃഷിരീതി കെ.വി.കെ.യുടെ തേവര ഫാമിൽ പ്രദർശിപ്പിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങളിപ്പോൾ. ●

എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഉദ്യോഗസ്ഥരാണ് ലേഖകർ

ഫോൺ: 0484 2492450